## പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2270** **20/06/2012 ൽ മറുപടിക്ക്**

**റീജിയണൽ കാൻസർ സെന്ററിന് ദേശീയ പദവി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | റീജിയണൽ കാൻസർ സെന്ററിന് ദേശീയ പദവി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ; | (എ) | റീജിയണൽ കാൻസർ സെന്ററിന് ദേശീയ പദവി ലഭ്യമാക്കുന്നതിന് ബഹു. കേരള മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര സഹായമായി 2007-08 മുതൽ 2011-12 വരെ എന്ത് തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) | കേന്ദ്ര സഹായമായി 2007-2008 മുതൽ 2011-12 വരെ ആർ. സി. സി യ്ക്ക് ലഭിച്ച . തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>2007-08 - 5.00 കോടി<br>2008-09 - Nil<br>2009-10 - "<br>2010-11 - "<br>2011-12 - "<br>ടെർഷ്യറി ക്യാൻസർ സെന്റർ സ്കീം പ്രകാരം PET CT സ്കാനർ വാങ്ങുന്നതിന് കേന്ദ്ര വിഹിതമായി 4.8 കോടി രൂപ 29/03/2012 ൽ ലഭിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ ആർ.സി.സി.യ്ക്ക് വിദേശസഹായം ലഭിക്കുന്നുണ്ടോ; ഏതൊക്കെ രാജ്യങ്ങളിൽ നിന്നും എപ്രകാരമുള്ള പദ്ധതിയിലൂടെയാണ് ഇത് ലഭ്യമാക്കുന്നത്; വിശദമാക്കുമോ ; | (സി) | ആർ. സി. സി.യുടെ പ്രവർത്തനങ്ങൾക്കായി വിദേശങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നില്ല. എന്നാൽ വിദേശങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ സഹകരണത്തോടുകൂടിയുള്ള ഗവേഷണ പ്രോജക്ടുകൾക്ക് ആ സംഘടനകളിൽ നിന്നും താഴെപ്പറയുന്ന സഹായം ലഭിച്ചിട്ടുണ്ട്.<br>2007-08 - 1.10 കോടി<br>2008-09 - 1.13 "<br>2009-10 - 1.47 "<br>2010-11 - 0.93 "<br>2011-12 - 1.10 " |

| | | | |
|---|---|---|---|
| (ഡി) | പ്രതിവർഷം ചികിത്സാർത്ഥം എത്ര രോഗികൾ ആർ.സി.സി. യിൽ എത്തുന്നു ; | (ഡി) | ആർ.സി.സി. യിൽ ചികിത്സയ്ക്കെത്തുന്ന പുതിയ രോഗികളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>2005-06 - 10310<br>2006-07 - 11173<br>2007-08 - 11327<br>2008-09 - 12123<br>2009-10 - 13040<br>2010-11 - 13230<br>2011-12 - 14287 |
| (ഇ) | ഡോർമിറ്ററി സൌകര്യങ്ങളടക്കം ആർ.സി.സി. യിൽ സൃഷ്ടിക്കേണ്ട അടിസ്ഥാന സൌകര്യങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | (ഇ) | ഇല്ല. ഒരു പ്രൊപ്പോസൽ ആർ.സി.സി. തയ്യാറാക്കി വരുന്നു. |
| (എഫ്) | കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സൌജന്യയാത്ര അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് എന്ന് പുറപ്പെടുവിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ? | (എഫ്) | ഗതാഗത വകുപ്പിന്റെ 10/04/12 ലെ സ.ഉ (എം.എസ്) നം. 21/2012/ഗതാഗതം ഉത്തരവ് പ്രകാരം കാൻസർ രോഗികൾക്ക് അവരുടെ സ്ഥിരമായ സ്ഥലത്തു നിന്നും മെഡിക്കൽ കോളേജ്, റീജിയണൽ കാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സയ്ക്ക് പോകുന്ന ദിവസം കെ.എസ്.ആർ.ടി.സിയുടെ ഫാസ്റ്റ് പാസഞ്ചർ വരെയുള്ള ബസ്സുകളിൽ യാത്രാക്കൂലിയിൽ 50% സൌജന്യ നിരക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ